

DHIKSHA

# LITTLE KITES 1ST BATCH



# LITTLE KITES 2ND BATCH



ചീഫ് എഡിറ്റർ ; ദിവ്യ തോമസ്
എഡിറ്റർ ; സീന ഇ. സ്.
സ്റ്റുഡന്റ് എഡിറ്റർ ; സർഗ ട്രീസ കോശി
കവർ ; അനറ്റ് വർഗ്ഗീസ്
അംഗങ്ങൾ ; അഭിഷേക് മധു
ക്രിസ്റ്റോ ആന്റണി

**Published by**
**LITTLE KITES CLUB 2019-20**

*This magazine is the contribution of the 2nd batch of the Little kites club of St.Thomas Higher Secondary School Kelakam*

# ദീക്ഷയിലൂടെ


1. സന്ദേശം.......................................6
2. ആശംസ.......................................7,8
3. സന്ദേശം.......................................9
4. നേട്ടങ്ങൾ.......................................10,11
5. സ്നേഹ വിദ്യാലയം...........................12
6. YOU ARE LIKE...............................13
7. FELICITATION...............................14
8. സ്കൂൾ ചരിത്ര സംഗ്രഹം.............15,16
9. പുഴ.......................................17
10. അമ്മ.......................................18
11. കുഞ്ഞണ്ണാൻ.......................................19,20
12. YOUR BEST.......................................21
13. പേമാരി.......................................22
14. DRAWING.......................................23
15. DRAWING.......................................24
16. ഗണിതം .......................................25,26
17. THE SPIDER.......................................27,28

# സന്ദേശം



കേളകം സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം ഒരു ഡിജിറ്റൽ മാഗസിൻ പ്രസദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. പൊതു വിദ്യാഭ്യാസ രംഗം ഇന്ന് ഒരു നവോൻമേഷത്തിന്റെ തിളക്കത്തിലാണ്. സ്കൂളുകൾ മാത്രമല്ല, പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളും ഹൈടെക് ആയിക്കൊണ്ടിരിക്കുകയാണ്. കുട്ടികളിൽ I C T അധിഷ്ഠിത സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ വകുപ്പ് ബദ്ധശ്രദ്ധരാണ്. കുട്ടികളുടെ സർഗപരമായ അനന്തസാധ്യതകളെ പ്രകടിപ്പിക്കുവാൻ ഇത്തരം മാഗസിനുകൾക്ക് കഴിയുക തന്നെ ചെയ്യും. പുതുതലമുറയുടെ ഈ രംഗത്തെ ഇടപെടലുകളും ശേഷികളും പരിപോഷിപ്പിക്കാൻ ഇത്തരം ശ്രമങ്ങൾ സഹായിക്കാതിരിക്കുകയില്ല. ഇതിന്റെ പിന്നിൽ ചാലക ശക്തിയായി പ്രവർത്തിച്ച അദ്ധ്യാപകസുഹൃത്തുക്കളെയും മിടുമിടുക്കരായ വിദ്യാർത്ഥികളെയും അനുമോദിച്ചുകൊള്ളുന്നു.

സസ്നേഹം,

ഹെഡ്മാസ്റ്റർ,



# ആശംസ

കേളകം സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷം അറിയക്കട്ടെ..

സാമൂഹിക കാഴ്ച്ചപ്പാടും, മൂല്യബോധവും, ഉത്തരവാദിത്വവും സംസ്കാര ശീലവുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുകയാണ് ആധുനിക വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. വിവര സാങ്കേതിക വിദ്യ അനുദിനം വളരുന്ന ഈ കാലഘട്ടത്തിൽ അക്കാര്യത്തിലുള്ള ജ്ഞാനവും കുട്ടികൾക്ക് ആവിശ്യമാണ്.

പഴയ കാലങ്ങളിൽ യാത്രയും, വായനയും ആയിരുന്നു പുതിയ ലോകത്തെ പരിചയപ്പെടാൻ മനുഷ്യനെ സഹായിച്ചത്. എന്നാൽ ഇന്ന് അത് കമ്പ്യൂട്ടർ കൈയ്യടക്കി. ; ലോകം നമ്മുടെ വിരൽത്തുമ്പിലേക്ക് ചുരുങ്ങി. ലിറ്റിൽ കൈറ്റ്സിലൂടെ സൈബർ ലോകത്തിന്റെ വാതായാനങ്ങളാണ് കുട്ടികളുകേളകം സെന്റ് തോമസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷം അറിയക്കട്ടെ..

സാമൂഹിക കാഴ്ച്ചപ്പാടും, മൂല്യബോധവും, ഉത്തരവാദിത്വവും സംസ്കാര ശീലവുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുകയാണ് ആധുനിക വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. വിവര സാങ്കേതിക വിദ്യ അനുദിനം വളരുന്ന ഈ കാലഘട്ടത്തിൽ അക്കാര്യത്തിലുള്ള ജ്ഞാനവും കുട്ടികൾക്ക്  ആവിശ്യമാണ്. പഴയ കാലങ്ങളിൽ യാത്രയും, വായനയും ആയിരുന്നു പുതിയ ലോകത്തെ പരിചയപ്പെടാൻ മടെ മുൻപിൽ തുറക്കുന്നത്. മുൻ പിൽ തുറക്കുന്ന വാതിൽ നൻമയിലേക്കോ, തിൻമയിലേക്കോ എന്ന് തിരിച്ചറിയണം. എല്ലാ അറിവിനും മുകളിൽ നാം എത്തിച്ചേരുന്നത് യഥാർത്ഥ മനുഷ്യനാകുമ്പോഴാണ്. പ്രപഞ്ചത്തെ മുഴുവൻ സ്നേഹഭാവത്തോടെ ദർശിക്കുന്ന നല്ല മനസുകൾക്ക് ഉടമയാകുവാൻ ഓരോ കുഞ്ഞുങ്ങൾക്കും സാധിക്കട്ടെ...

ആഴമേറിയ അറിവ് കൂടുതൽ ശ്രേഷ്ഠതയിലേക്ക് നമ്മെ നടത്തും.

നേതൃത്വം കൊടുക്കുന്ന പ്രിയ
അനൂപ് സാറിനെയും ദിവ്യ ടീച്ചറിനെയും പ്രത്യേകം
അഭിനന്ദിക്കുന്നു.



**ആശംസകളോടെ**

**ഫാ. വർഗ്ഗീസ് പടിഞ്ഞാറേക്കര**

# സന്ദേശം



N. T. MARY

ലിറ്റിൽ കൈറ്റ്സിന്റെ ഈ ബാച്ചിന്റെ ആദ്യ

സംരംഭമായ 'ദീക്ഷ' ഡിജിറ്റൽ മാഗസിൻ കുഞ്ഞു

ഭാവനങ്ങളുടെ ചിറകിലേറി

പറക്കാനൊരുങ്ങുകയാണ്.

ദീക്ഷയിലെ നന്മയുടെ സമൃദ്ധി എല്ലാ കുഞ്ഞു

മനസിലേക്കും ഒഴുകിയിറങ്ങട്ടെ!!

ആത്മാർത്ഥമായ ആശംസകൾ.......

# <u>ലിറ്റിൽ കൈറ്റ്സ് 1st batch ന്റെ നേട്ടങ്ങൾ</u>

## ക്യാമ്പ്



ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ, അഭിനവ് ഷാജു ജോർജ് ആനിമേഷനിലും ബാദ്രുക്ക് അബ്രാഹം ഷാജി പ്രോഗ്രാമിങ്ങിലും മികച്ച നേട്ടം കൈവരിച്ചു. അഭിനവ് എറണാകുളം കളമശ്ശേരിയിൽ വച്ച് നടന്ന സംസ്ഥാന തല ക്യാമ്പിലും ബാദ്രുക്ക് കണ്ണൂർ വച്ച് നടന്ന ജില്ലാ തല ക്യാമ്പിലും പങ്കെടുത്തു.



IT മേള

ശാസ്ത്ര മേളയോടനുബന്ധിച്ചു നടന്ന IT ക്വിസിൽ ബാര്യൂക്ക് അബ്രാഹം ഷാജിയും മലയാളം ടൈപ്പിങ്ങിൽ അഭിനവ് ഷാജു ജോർജ്ജും ജില്ലാ തല IT മേളയിൽ പങ്കെടുത്തു.



CONGRATULATIONS

# സ്നേഹ വിദ്യാലയം



വഴികാട്ടലല്ല,

ഒപ്പം കൂട്ടലാണ്......

വിരൽ ചൂണ്ടലല്ല,

ചേർത്തു

നിർത്തലാണ്......

പഠിപ്പിക്കലല്ല,

പകർന്നു കൊടുക്കലാണ്.......

കുറ്റപ്പെടുത്തലല്ല,

കൈത്താങ്ങായി തീരലാണ്.......

കള്ളികളിൽ ഒതിക്കലല്ല,

കാരുണ്യ വഴി കാട്ടലാണ്........

നന്മയാണ്...... നേരാണ്.........



**ദിവ്യ തോമസ്**

# YOU ARE LIKE

*You are like a ray of sun shine*
*Making a brighter day*
*It fills my life with a light so bright*
*All the clouds are driven away*
*You are like a melody song*
*It lingers in my heart*
*When I heard the melody*
*The ills of life depart*
*You are like a refreshing breeze*
*Making sure I feel at ease*
*Bringing happiness in my life*
*Always share my pain and strife*
*I hold you aloes to my heart*
*Even when we are miles apart*

DAN DENNY

# FELICITATION

*"Education play an important role in enabling a person to face a real life situation with adequate knowledge" school is a temple of learning.*

*So i take this golden opportunity to convey my best wishes to Divya teacher, Anoop sir, Seena teacher and whole little kites family for your sincere endeavours and wish you all success.*



*SONY FRANCIS*

# സ്കൂൾ ചരിത്ര സംഗ്രഹം

പെരുമ്പാവൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന പൗരസ്ഥ സുവിശേഷ സമാജത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലും ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. "മൽഫോനോ നാസിഫൊ" വന്ദ്യ ആർത്തുങ്കൽ ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പയുടെ



നേതൃത്തത്തിൽ ഇന്നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ 1964 ജൂൺ ഒന്നാം തിയതി കേളകം സെന്റ് തോമസ് ഹൈസ്കൂൾ പ്രവർത്തനമാരംഭിച്ചു. 2010-ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു.



ഇപ്പോൾ പൗരസ്ത്യ സുവിശേഷ സമാജം സ്കൂളുകൾ അഭിവന്ദ്യ മർക്കോസ് മാർ ക്രിസോസ്റ്റമോസ് മെത്രാപോലീത്ത രക്ഷാധികാരിയായും, റവ. ഫാ. തങ്കച്ചൻ വർഗീസ് ജനറൽ സെക്രട്ടറിയായും, റവ. ഫാ. വർഗീസ് കുറ്റിപ്പുഴ മാനേജർ ആയും പ്രവർത്തിച്ചു വരുന്നു. റവ. ഫാ. വർഗീസ് പടിഞ്ഞാറേക്കര ലോക്കൽ മാനേജറായി ഒരു അഡ്വൈസറി ബോർഡ് കേളകം സ്കൂളിന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. സ്ഥാപനത്തിൽ

42 അദ്ധ്യാപകരും 6 അദ്ധ്യാപകേതര ജീവനക്കാരും ജോലി ചെയ്ത് വരുന്നു.

ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് മലയാളം മീഡിയങ്ങളിലായി 16 ഡിവിഷനുകളിൽ 550 വിദ്യാർത്ഥികൾക്കും ഹയർ സെക്കണ്ടറി വിഭാഗത്തിൽ സയൻസ്, കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ് ബാച്ചുകളിൽ 375 വിദ്യാർത്ഥികളും അധ്യായനം നടത്തി വരുന്നു. കഴിഞ്ഞ വർഷം S S L C ക്ക് 15 FULL A+ ഉൾപ്പടെ 99.5% വിജയും ഹയർ സെക്കണ്ടറിയിൽ 4 FULL A+ ഉൾപ്പടെ 91% വിജയവും കരസ്ഥമാക്കി. പഠന പാഠ്യേതര വിഷയങ്ങൾക്ക് തുല്ല്യ പ്രാധാന്യം നല്കി മികച്ച പരിശീലനം നൽകി വരുന്ന ഈ സ്ഥാപനത്തിനും ഇവിടുത്തെ സ്റ്റാഫംഗങ്ങൾക്കും എല്ലാ സഹായ സഹകരണങ്ങളും, മാനേജ് മെന്റും തദ്ദേശവാസികൾക്കും പൂർവ്വ വിദ്യാർത്ഥികളും PTA യും നൽകി വരുന്നു.



# പുഴ


നിഴലു പോലെ
മാഞ്ഞുപോയൊരു
പ്രണയമാണ് നീ
ആകാശ വിസ്മയങ്ങളിൽ
നിന്ന് കുളിരും പേറി നീ
മല പിളർന്നെത്തുമ്പോൾ
നിന്റെ അംഗലാവണ്യം
ചുരത്തിയ കൈവഴികളിൽ
ഞാൻ നിന്നിലലിഞ്ഞു പോയി
എത്ര വേഗത്തിലാണ്
നിന്റെ ഒഴുക്കും നീർമാതളവും
നിലാവും മാഞ്ഞുപോയത്
ഒപ്പം എന്റെ ഹൃദയത്തിലെ വിളക്കും!!!

**എം. വി. മാത്യു**



# എന്റെ അമ്മ

അമ്മ
അലിവിന്റെ കടലാഴം
അകലത്തെ സ്വാതന്ത്ര്യം
ഉള്ളിലെ കനലെന്ന്
അറിഞ്ഞവൾ
എരിയുന്ന സൂര്യനെ
ഇരുളിൽ ഒളിപ്പിച്ചവൾ
പകൽ സ്വന്തമല്ലാത്ത
ആകാശത്തേക്ക് കനൽ
വലിച്ചെറിഞ്ഞ് വെളിച്ചം
പകർന്നവൾ...........
അറിവിന്റെ കനവ്
ഇടറിയ നേരങ്ങളിൽ
മെലിഞ്ഞു നീണ്ട
വിളർത്ത രൂപത്തിൽ
അറിയുന്ന സ്പർശം
ഇപ്പോൾ
ഏകാന്തതയുടെ മണം
പിടിച്ച് നാലുകെട്ടിന്റെ
പരിചയ വേഗങ്ങളിൽ
സമയത്തെജ്ജയിക്കാൻ
മോഹിക്കുന്നവൾ
എന്റെ അമ്മ
അലിവിന്റെ കടലാഴം





ഷീന



# കൊച്ചണ്ണന്റെ വീട്

ഒരിടത്തൊരിടത്ത് ഒരു ചെറിയ അണ്ണാൻ കാട്ടിൽ ജീവിച്ചിരുന്നു. കാറ്റും വെയിലും കൊള്ളാതെ ജീവിക്കണമല്ലോ.. കൊച്ചണ്ണാൻ പനിനീർ ചെടിയോട് ഉപദേശം തേടി:"കൊച്ചു ചെടി... ഞാൻഎന്തു കൊണ്ടാണ് വീടുണ്ടാക്കേണ്ടത്??"

പൂച്ചെടി പറഞ്ഞു:"എന്താ സംശയം, എന്റെ ഇലകൾ കൊണ്ട് തന്നെ." ഇത് കേട്ട തേക്കിൻ തൈ പറഞ്ഞു: "ഇലകൾ കൊണ്ടുള്ള വീടിന് കാറ്റും മഴയും തടഞ്ഞുനിർത്താനാവില്ല. എന്റേതുപോലെ ബലമുള്ള മരത്തടി കൊണ്ടാണ് വീടുണ്ടാക്കേണ്ടത്." താഴ്വരയിലുള്ള പാറക്കൂട്ടങ്ങൾ ഇത് ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവർ പറഞ്ഞു:"എടോ അണ്ണാനേ... ബലമുള്ള വീട് വേണമെങ്കിൽ കൊടുങ്കാറ്റിനു പോലും തകർക്കാൻ കഴിയാത്ത കരിങ്കൽ കഷ്ണങ്ങൾ കൊണ്ടുണ്ടാഒരിടത്തൊരിടത്ത് ഒരു ചെറിയ

അണ്ണാൻ കാട്ടിൽ ജീവിച്ചിരുന്നു. കാറ്റും വെയിലും കൊള്ളാതെ ജീവിക്കണമല്ലോ.. കൊച്ചണ്ണാൻ പനിനീർ ചെടിയോട് ഉപദേശം തേടി:"കൊച്ചു ചെടി... ഞാൻഎന്തു കൊണ്ടാണ് വീടുണ്ടാക്കേണ്ടത്??"

പൂച്ചെടി പറഞ്ഞു:"എന്താ സംശയം, എന്റെ ഇലകൾ കൊണ്ട് തന്നെ." ഇത് കേട്ട തേക്കിൻ തൈ പറഞ്ഞു: "ഇലകൾ കൊണ്ടുള്ള വീടിന് കാറ്റും മഴയും തടഞ്ഞുനിർത്താനാവില്ല. എന്റേക്കുക. ഇങ്ങോട്ട് വാ.. നിനക്ക് ഇഷ്ടമുള്ള കല്ലുകൾ എടുത്ത് ഉണ്ടാക്കിക്കോ.." ഇത് കേട്ടപ്പോൾ കൊച്ചണ്ണാന് സന്തോഷമായി. ഓരോ ദിവസവും വന്ന് കല്ലുകൾ ശേഖരിച്ച് വീടുണ്ടാക്കാൻ തുടങ്ങി. ഒരു ദിവസം അവൻ വീട് ഉണ്ടാക്കുന്നതിനിടെ കാറ്റ് വീശി. കൊച്ചാണ്ണാന്റെ വീട്കണ്ടതും കാറ്റ് പൊട്ടിച്ചിരിച്ചു, എന്നിട്ട് പറഞ്ഞു:" ഹ..ഹ...ഹ..., ഞാൻ ഒന്ന് ശക്തമായി വീശിയാൽ ഈകരിങ്കൽ കല്ലുകൾ പറന്നുപോകും. കൊച്ചണ്ണാനും വിട്ടില്ല. അവൻ പറഞ്ഞു:"ഓഹോ.!!! എന്നാൽ ഒന്ന് കാണണമല്ലോ...." അതോടെ കാറ്റ് ശക്തിയായി വീശാൻ തുടങ്ങി. അപ്പോൾ പാറകല്ലുകൾ പറന്നുപോയി. ഇതു കണ്ടതും കൊച്ചണ്ണാൻ അമ്പരന്നു. കാറ്റ് അണ്ണാനോട് പറഞ്ഞു:"കരിങ്കല്ലുകൾ കല്ലുകളാക്കിയാൽ അതിന് ബലമുണ്ടാകില്ല:

**മനപാഠം: പ്രകൃതി ഒരു പഠനാലയമാണ്......**

**nikhitha**

# YOUR BEST

***If you always try your best***
***Then you will never have to wonder***
***About what you could have done***
***If you'd summoned all your thunder***
***And if your best***
***was not as good***
***As you hoped it would be,***
***You still could say,***
***"I gave today***
***All that i had in time"***



***Kusumam. P.A***

# പേമാരി


ലിയോജോർജ്




കഥയില്ലാ കഥയിലെ
കരളില്ലാ കരളിലെ
ഇടനെഞ്ചിലെ
ഇടിമിന്നൽ പേമാരി

ആളില്ലാ തീരത്തെ
മരമില്ലാ നഗരത്തെ
ചുട്ടെരിയും കാടിനെ
രക്ഷിക്കാനായ് അവൻ വന്നു
പേമാരി ഇടിമിന്നൽ  പേമാരി

വരണ്ടുണങ്ങിയ വയലുകളെ
വറ്റിവരണ്ട കടലുകളെ
ചത്തൊടുങ്ങിയ മീനുകളെ
രക്ഷിക്കാനായ് അവൻ വന്നു
പേമാരി ഇടിമിന്നൽ  പേമാരി



**ABHISHEK MADHU**



**ABHISHEK MADHU**

# ഗണിതം ഒരു സംഗീതം പോലെ



“ശാസ്ത്രങ്ങളുടെരാജ്ഞിയാണ് ഗണിതശാസ്ത്രം"എന്ന് ജർമ്മൻശാസ്ത്രജ്ഞനാണ് ഫ്രഡറിക് ഗൗസ് അഭിപ്രായപ്പെട്ടു.

രാജ്ഞിയായി അവരോധിക്കപ്പെട്ടെങ്കിലും ഗണിതപഠനം ഏറെ വിദ്യാർഥികൾക്ക് ഒരു പേടിസ്വപ്നമാണ്.

ഗണിതവും സംഗീതവും തമ്മിലുള്ള ബന്ധം 2500 വർഷങ്ങൾക്ക് മുമ്പ് ഗണിതശാസ്ത്രജ്ഞനായ പൈഥഗോറസ് കണ്ടെത്തിയിരുന്നു. സംഖ്യകളെ ആരാധിക്കുകയും, അവയിലൂടെ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുകയും ചെയ്ത ബഹുമുഖനായ ഈ പ്രതിഭാശാലി ഗണിതശാസ്ത്രത്തിന്റെ ബലിവീഥിയിൽ യവന സംസ്കാരം കാഴ്ച വച്ച ഒരു പുഷ്പമായി ഇന്നും നിലകൊള്ളുന്നു.

ത്രികോണമിതിയിലെ പ്രധാന



സിദ്ധാന്തങ്ങളിലൊന്നായ പൈഥഗോറസ് സിദ്ധാന്തം ഇദ്ദേഹത്തിന്റെ സംഭാവനയാണ്. പൈഥഗോറസ് സിദ്ധാന്തമില്ലാത്ത ഗണിത പഠനം ചിന്തിക്കാൻകഴിയാത്തതുമാണ്. ജ്യോതിശാസ്ത്രത്തിലും ഗണിതത്തിലും തത്വ ചിന്തയിലും അറിവ് നേടിയ അദ്ദേഹം സംഗീതത്തിലും തത്പരനായിരുന്നു. സംഗീതോപകരണങ്ങളിലെ ചരടുകളുടെ നീളം, വലിവ് എന്നിവയ്ക്ക് ശബ്ദത്തിന്റെ ഉച്ചനീചാവസ്ഥ നിർണയിക്കുന്നതിൽ പ്രധാന പങ്കുണ്ടെന്ന് പൈഥഗോറസ് കണ്ടെത്തി. പ്രപഞ്ചം നിലനിൽക്കുവോളം ശാസ്ത്രങ്ങളുടെ രാജ്ഞിക്ക് നല്കിയ മഹത്തായ കാണിക്കകളിൽ ഏറ്റവും മികച്ച് നില്ക്കുന്നത് പൈഥഗോറസിന്റേത് തന്നെ ആയിരിക്കും.



**ബിൻസി മാത്യൂസ് പി.**

# THE SPIDER



SITTING ON A BENCH I WAS

WITH MY FAILURES

THAT TIME I SEE THAT IN THE CORNER

THE ARTIST THE HUNTER

THE HARD WORKER

WHO HAS SO MANY LEGS

THE ARTIST WAS DOING HIS

WORK BY MAKING A CREATION

THE HARD WORK WAS FIN SHED

HE MAKES IT FOR HIS LIFE
BUT TO ME IT IS A CREATION
IT WAS THE REWARD OF HIS
HARD WORK
MY FRIEND CAME WITH A STICK
BUT I DIDN'T SEE
SHE CLEANED THE WALL BY
THE CREATION
MY EYES WERE FULL OF FEARS
BUT HE SURPRISED ME
HE MADE IT BETTER THEN BEFORE
MY FACE WAS FULL OF SHAME
AND I SAID TO MYSELF

JAIN P UNNI

X.C

This magazine tries to say 'Its never to late' – This ground is a path of self discovery that leads you to your destination.

"**DIKSHA**" is synonyms with growth, prosperity and continuity. The concept of information technology in education is breaking all the limits to approach a students talent. To break- Through this limit, government has implemented IT education. Kite is a new venture to achieve this goal. We have prepared this magazine as a part of Little Kites Club in our school.

We gratefully express our sincere gratitude towards our Kite Master Anoop sir, Kite Mistress Divya teacher, headmaster vyasan sir, other teachers, Little Kites members and student contributed their works, to this little effort. This magazine is the contribution of the 1st batch of Little Kites club of St. Thomas higher secondary school Kelakam.

**SARGA TREESA KOSHI**

Student Editor

# THANKFULLY.....




ST. THOMAS HSS KELAKAM

LITTLE KITES

2ND BATCH TEAM

